**മഹാത്മാഗാന്ധി സർവ്വകലാശാല**

3110/2/M/2023/Elen 17.02.2023

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, 1985, അദ്ധ്യായം 4, വകുപ്പ് (17) തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ (5) പ്രകാരം സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ഗവൺമെൻറ് കോളേജുകളിലെ അധ്യാപക വിഭാഗം ജീവനക്കാരുടെ മണ്ഡലത്തിൽ നിന്നും സർവ്വകലാശാലാ സെനറ്റിലേക്കുള്ള തെരഞ്ഞെടുപ്പ്.

**വോട്ടർമാർക്കുള്ള അറിയിപ്പ്**

സർ/ മാഡം,

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ഗവൺമെൻറ് കോളേജുകളിലെ അധ്യാപക വിഭാഗം ജീവനക്കാരുടെ മൂന്ന് പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനുള്ള വോട്ടെടുപ്പ് മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് 1997 - ലെ നടപടിക്രമമനുസരിച്ച് 2023 മാർച്ച് 01 - ആം തീയതി അവരവരുടെ കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വോട്ടെടുപ്പ് അന്നേദിവസം രാവിലെ പത്ത് മണിക്ക് ആരംഭിക്കുന്നതും ഉച്ചക്ക് ഒരു മണിക്ക് അവസാനിക്കുന്നതുമാണ്. സർവ്വകലാശാല പ്രസിദ്ധപ്പെടുത്തിയ വോട്ടർപട്ടികയിൽ പേരുള്ളവർക്കുമാത്രമേ സ്റ്റാറ്റ്യൂട്ടിൻറെ 44 - ആം അദ്ധ്യായത്തിലെ 14 - ആം വകുപ്പിന് വിധേയമായി വോട്ടെടുപ്പിൽ പങ്കെടുക്കുവാൻ അർഹതയുള്ളു.

അതത് കോളേജ് വിതരണം ചെയ്തിട്ടുള്ള തിരിച്ചറിയൽ കാർഡ്, പ്രസ്തുത കോളേജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ള വോട്ടറുടെ തിരിച്ചറിയൽ സാക്ഷ്യപത്രം എന്നിവയിലേതെങ്കിലും ആ വോട്ടറുടെ തിരിച്ചറിയൽ രേഖയായി പരിഗണിക്കാവുന്നതാണ്. വോട്ടെടുപ്പിൽ പങ്കെടുക്കുന്നവർ മേൽ പറഞ്ഞ ദിവസം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പ്രിസൈഡിങ് ഓഫീസർ മുമ്പാകെ ഹാജരായി വോട്ടവകാശം ബോദ്ധ്യപ്പെടുത്തി അദ്ദേഹത്തിൻറെ പക്കൽ സൂക്ഷിച്ചിരിക്കുന്ന വോട്ടർപട്ടികയിൽ തങ്ങളുടെ പേരിനു നേരെ ഒപ്പ് വയ്ക്കുക. തുടർന്ന് സ്ഥാനാർത്ഥികളുടെ പേരും മേൽവിലാസവും റോൾ നമ്പർ ക്രമത്തിൽ അച്ചടിച്ചിട്ടുള്ള ബാലറ്റ് പേപ്പറും, ബാലറ്റ് പേപ്പർ കവറും ലഭിക്കുന്നതാണ്.

അനന്തരം താങ്കൾ വോട്ടിംഗ് കമ്പാർട്ട്മെന്റിൽ പ്രവേശിച്ച് വോട്ട് ചെയ്യുക. താങ്കൾ ഒന്നാമത് വോട്ടുചെയ്യാൻ ആഗ്രഹിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിനുനേരെ നിശ്ചിത സ്ഥാനത്ത് 1 എന്ന് അക്കത്തിൽ രേഖപ്പെടുത്തുക. രണ്ടാമത് വോട്ട്ചെയ്യാൻ ആഗ്രഹിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിനുനേരെ 2 എന്നും ക്രമത്തിൽ വോട്ട് രേഖപ്പെടുത്താം. ഇപ്രകാരം 3, 4 എന്നിങ്ങനെ ക്രമത്തിൽ മറ്റുള്ള സ്ഥാനാർത്ഥികൾക്കും വോട്ടു രേഖപ്പെടുത്താവുന്നതാണ്. 1,2,3,4 തുടങ്ങിയ അക്കങ്ങളല്ലാതെ ഗുണനചിഹ്നമോ, മറ്റേതെങ്കിലും അടയാളമോ വോട്ടു രേഖപ്പെടുത്താൻ ഉപയോഗിക്കരുത്. അങ്ങനെ കാണുന്ന പക്ഷം ആ ബാലറ്റ് പേപ്പർ അസാധുവായി പരിഗണിക്കാവുന്നതാണ്. വോട്ട് രേഖപ്പെടുത്തിക്കഴിഞ്ഞാൽ ബാലറ്റ് പേപ്പർ മടക്കി ബാലറ്റ് പേപ്പർ കവറിനുള്ളിലാക്കി ഒട്ടിച്ച് ആയതിനായി തയ്യാറാക്കിയിരിക്കുന്ന ബാലറ്റ് പെട്ടിയിൽ/ കവറിൽ നിക്ഷേപിക്കണം. യാതൊരു കാരണവശാലും ബാലറ്റ് പേപ്പർ പോളിംഗ് സ്റ്റേഷനുവെളിയിൽ കൊണ്ട് പോകാൻ പാടില്ല.

താഴെപറയുന്ന ഏതെങ്കിലും കാരണത്താൽ ബാലറ്റ് പേപ്പർ അസാധുവാകുന്നതാണ്.

1. ബാലറ്റ് പേപ്പറിൽ വരണാധികാരിയുടെ ഒപ്പ് ഇല്ലാത്തപക്ഷം.
2. വോട്ട് രേഖപ്പെടുത്തിയ ആൾ ആരാണെന്ന് വ്യക്തമാകത്തക്കവിധം അയാൾ ബാലറ്റുപേപ്പറിൽ ഒപ്പിടുകയോ, പേരെഴുതുകയോ മറ്റേതെങ്കിലും അടയാളം ഇടുകയോ ചെയ്തിട്ടുണ്ടെങ്കിൽ.
3. ഏതെങ്കിലും സ്ഥാനാർത്ഥിക്കുവേണ്ടി 1 എന്ന അക്കം രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ.
4. ഒന്നിലധികം സ്ഥാനാർത്ഥിയുടെ പേരിനുനേരെ 1 എന്ന അക്കം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ.

Draft #13 of File 3110/2/M/2023/Elen Approved by VICE CHANCELLOR on 17-Feb-2023 05:20 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

5. ഒരു സ്ഥാനാർത്ഥിയുടെ പേരിനുനേരെ 1 എന്ന അക്കത്തിനുപുറമേ മറ്റേതെങ്കിലും അക്കമോ, അടയാളമോ കൂടി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ.
6. വോട്ട് രേഖപ്പെടുത്തിയിരിക്കുന്നത് ആർക്കാണെന്ന് അവ്യക്തമോ സംശയമോ ആയിരുന്നാൽ.
7. സ്റ്റാറ്റ്യൂട്ടിലെ മറ്റേതെങ്കിലും നിയമം ലംഘിച്ചിട്ടുള്ളതായി കാണുന്ന പക്ഷം.

2023 മാർച്ച് 23 - ആം തീയതി രാവിലെ 10.00 മണിക്ക് വോട്ടുകളുടെ സൂക്ഷ്മപരിശോധനയും എണ്ണലും ആരംഭിക്കുന്നതും തുടർന്ന് ഫലം പ്രഖ്യാപിക്കുന്നതുമാണ്.

പ്രിയദർശിനി ഹിൽസ് | വരണാധികാരി

Draft #13 of File 3110/2/M/2023/Elen Approved by VICE CHANCELLOR on 17-Feb-2023 05:20 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം